# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം.3586** **14/03/2017-ൽ മറുപടിക്ക്**

### റാന്നി ഫയർ ആന്റ് റെസ്ക്യൂ നിലയം

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|

എ) റാന്നി ഫയർ ആന്റ് റെസ്ക്യൂ നിലയം എന്നാണ് പ്രവർത്തനം ആരംഭിച്ചത്; ആകെ എത്ര ജിവനക്കാരാണ് ഇവിടെയുള്ളത്;

എ) റാന്നി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചത് 15/08/2000 ലാണ്. റാന്നി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിലെ ആകെയുള്ള ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| തസ്തിക | തസ്തികകളുടെ എണ്ണം | നിലവിലുള്ള എണ്ണം |
|---|---|---|
| സ്റ്റേഷൻ ഓഫീസർ | 1 | 1 |
| അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ | 1 | 1 |
| ഡ്രൈവർ മെക്കാനിക്ക് | 1 | 1 |
| ലീഡിംഗ് ഫയർമാൻ | 4 | 4 |
| ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ | 7 | 5 |
| ഫയർമാൻ | 23 | 17 |
| പാർട്ട് ടൈം സ്വീപ്പർ | 1 | 1 |
| **ആകെ** | **38** | **30** |

ബി) ഫയർ ടെൻണ്ടറുകൾ ഉൾപ്പെടെ എത്ര വാഹനങ്ങളാണ് ഇവിടെ യുള്ളത്; അവ ഏതൊക്കെ; ഇവയിൽ പ്രവർത്തനക്ഷമ മല്ലാത്തവയുണ്ടോ; എങ്കിൽ ഏതൊക്കെ വാഹനങ്ങൾ എന്ന് വ്യക്തമാക്കാമോ;

ബി) റാന്നി നിലയത്തിലുള്ള നാല് വാഹനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാഹനം | രജിസ്ട്രേഷൻ നമ്പർ | റിമാർക്സ് |
|---|---|---|---|
| 1 | വാട്ടർ ടെണ്ടർ | KL.01.AX.9257 | പ്രവർത്തനക്ഷമം |
| 2 | വാട്ടർ ടെണ്ടർ | KL.01.BW.2647 | പ്രവർത്തനരഹിതം |
| 3 | ആംബുലൻസ് | KL.01.Z.6310 | പ്രവർത്തനരഹിതം |
| 4 | ജീപ്പ് | KL.01.AA.7798 | പ്രവർത്തനരഹിതം |

| | | | |
|---|---|---|---|
| സി) | നദിയോട് ചേർന്ന സ്ഥലമാകയാൽ വെള്ളത്തിലുണ്ടാകുന്ന അപകടങ്ങളിൽ അടിയന്തരമായി ഇടപെടാൻ കഴിയുന്നതിനായി ആവശ്യത്തിന് വാട്ടർ ഡിങ്കികളോ സ്കൂബാ സെറ്റുകളോ ഇവിടെയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | സി) | സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി വിഹിതമുപയോഗിച്ച് റബ്ബർ ഡിങ്കികളും, സ്കൂബ സെറ്റ് വിത്ത് ഡൈവിംഗ് സ്യൂട്ടും വാങ്ങുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് റാന്നി ഫയൽ സ്റ്റേഷന് ലഭ്യമാക്കുന്നതാണ്. |
| ഡി) | ഇക്കഴിഞ്ഞമാസം സ്റ്റേഷനിൽ നിന്നും എത്ര കേസ്സുകൾ അറ്റൻഡ് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | ഡി) | 70 ഫയർ കോളുകളും 4 ഇൻസിഡന്റ് കോളുകളും ചേർത്ത് ആകെ 74 കോളുകൾ അറ്റന്റ് ചെയ്തിട്ടുണ്ട്. |
| ഇ) | കാലപ്പഴക്കം മൂലം ഓഫ് റോഡിലായ ആംബുലൻസിനു പകരം ഒരു പുതിയ ആംബുലൻസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | ഇ) | വകുപ്പിലെ ആവശ്യകത അനുസരിച്ച് മതിയായ എണ്ണം വാഹനങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പുതിയ വാഹനം അനുവദിക്കുന്നതാണ്. |
| എഫ്) | ഹൈറൈസ് ബിൽഡിംഗുകളിൽ തീപിടുത്തവും മറ്റും ഉണ്ടാകുമ്പോൾ ഉപയോഗിക്കുന്ന തരം ലാഡർ റാന്നി നിലയത്തിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | എഫ്) | നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**